ഭരണഭാഷ-മാതൃഭാഷ

നമ്പർ.എച്ച്(2)/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 06..09..2021.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 2021-22 അധ്യയന വർഷത്തെ നിയമനങ്ങൾ അംഗീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 06/07/2021- ലെ സ.ഉ (സാധാ) നമ്പർ 3287/2021/പൊ.വി.വ
2) 12/07/2021 - ലെ ഇതേ നമ്പർ കത്ത്.

******

സൂചന കത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കെ.ഇ.ആർ അധ്യായം XIV ചട്ടം 8(2) പ്രകാരം മാനേജർമാർ സമർപ്പിക്കുന്ന നിയമനാംഗീകാര പ്രൊപ്പോസലുകൾ 30 ദിവസത്തിനകം തീർപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ 15/07/2021 മുതലുള്ള സമർപ്പിക്കപ്പെട്ട നിയമനാംഗീകാര പ്രൊപ്പോസലുകളിൽ വിദ്യാഭ്യാസ ഓഫീസർമാർ തീർപ്പ് കൽപ്പിക്കാനുള്ള ഒരു മാസ സമയപരിധി കഴിഞ്ഞു. സമന്വയ പരിശോധിച്ചപ്പോൾ സംസ്ഥാനത്തൊട്ടാകെ 10785 പ്രൊപ്പോസലുകൾ വിദ്യാഭ്യാസ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ട്. അതിൽ 1664 എണ്ണത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 1820 എണ്ണം നിരസിച്ചു. ബാക്കി 7301 എണ്ണം ഓപ്പൺ ആയി തന്നെ സമന്വയയിൽ ഉണ്ട്. ഇത്തരത്തിൽ ഫയലുകൾ വിദ്യാഭ്യാസ ഓഫീസുകളിൽ തീർപ്പാകാതെ കിടക്കുന്നു എന്നത് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ലഭിക്കുന്നുണ്ട്. ടി സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പൂർണ്ണ രൂപത്തിൽ ലഭിച്ച പ്രൊപ്പോസലുകൾ 24/09/2021 നകം തീർപ്പു കൽപ്പിക്കേണ്ടതാണ്. എന്നാൽ സാധുവായ കാരണമില്ലാതെ ഒരപേക്ഷ പോലും നിരസിക്കപ്പെടരുത്.

2. സമന്വയയിൽ സമർപ്പിക്കപ്പെട്ട നിയമന പ്രൊപ്പോസലുകൾ പൂർണ്ണരൂപത്തിലെങ്കിൽ അതായത് മാനേജർമാരിൽ നിന്നോ മറ്റ് ഓഫീസുകളിൽ നിന്നോ രേഖകളോ, റിപ്പോർട്ടുകളോ ലഭിക്കണമെങ്കിൽ ആയത് സമയബന്ധിതമായി ലഭ്യമാക്കി ഫയലിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്.

3. ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മേൽനോട്ടം വഹിക്കേണ്ടതാണ്.

4. ഇതു സംബന്ധിച്ച നടപടികളുടെ തൽസ്ഥിതി സെപ്തംബർ അവസാനവാരം ഡയറക്ടർ വിലയിരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

സി.എ.സന്തോഷ്
**(PEN-362891)**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**